ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **EA-2/9787/14/DTE** തീയതി:18-10-2024

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം –സാങ്കേതികം - തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയൽ, നിരോധനം, പരിഹാരം ) നിയമം 2013 - ഇൻറേണൽ കംപ്ലൈൻറ്സ് കമ്മിറ്റി (ICC) രൂപീകരിക്കുന്നത്/പുനഃസംഘടിപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1. **18.11.2017** - ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ പരിപത്രം

2. **01.10.2024** -ന് ഈ കാര്യാലയത്തിൽ കൂടിയ 78-ആം വിജിലൻസ് കമ്മിറ്റി യോഗത്തിന്റെ മിനുട്സ്.

സൂചന (1) പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയൽ, നിരോധനം, പരിഹാരം) നിയമം 2013 പ്രകാരം തൊഴിൽ സ്ഥലത്തെ ലൈംഗിക അതിക്രമ പരാതികൾ കൈകാര്യം ചെയ്യുന്നതിന് സ്ഥാപനങ്ങളിൽ Internal Complaints Committee (ICC) രൂപീകരിക്കണമെന്ന് നിർദേശം നല്കിയിരുന്നു. ആയതിനാൽ സൂചന (2) അനുസരിച്ച് ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും Internal Complaints Committee (ആന്തരിക പരാതി കമ്മിറ്റി) (ICC) രൂപീകരിക്കേണ്ടതും,(രൂപീകരിച്ചിട്ടുള്ളവ ആവശ്യാനുസരണം പുനഃസംഘടിപ്പിക്കേണ്ടതും) കമ്മിറ്റി രൂപീകരിച്ച വിവരവും, അംഗങ്ങളെ സംബന്ധിച്ചുള്ള വിവരവും ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സ്ഥാപനത്തിലെ ഏറ്റവും മുതിർന്ന അഥവാ സീനിയർ ആയ വനിതയെ പ്രിസൈഡിങ് ഓഫീസറായും, സ്ഥാപനത്തിൽ നിന്നുള്ള ജീവനക്കാരിൽ നിന്നും സ്ത്രീകളുമായി ബന്ധപ്പെട്ട സോഷ്യൽ വർക്കിൽ പരിചയമുള്ളതോ, നിയമപരമായ അറിവുകൾ ഉള്ളതോ ആയ 2 ജീവനക്കാരെ അംഗങ്ങളായും, സർക്കാർ ഇതര സംഘടനകളിൽ നിന്നോ, സ്ത്രീകളുടെ വിഷയവുമായി ബന്ധപ്പെട്ട അസോസിയേഷനിൽ നിന്നോ അല്ലെങ്കിൽ ലൈംഗിക പീഡനവുമായി ബന്ധപ്പെട്ട വിഷയങ്ങളെകുറിച്ച് പരിചയമുള്ളവരിൽ നിന്നോ ഒരാളെ അംഗമായും ഉൾപ്പെടുത്തിക്കൊണ്ട് Internal Complaints Committee രൂപീകരിക്കേണ്ടതാണ്. ICC യിലെ ആകെ കമ്മിറ്റി അംഗങ്ങളിൽ പകുതി സ്ത്രീകളായിരിക്കേണ്ടതാണ്. ICC യിലെ കമ്മിറ്റി അംഗങ്ങളുടെ കാലാവധി 3 വർഷം കഴിയാൻ പാടുള്ളതല്ല.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. CA to DTE
3. CA to SJD (ECS)
4. CA to SJD (IIIC)
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 18-10-2024 07:40:35